ദീപിക

**21 January 2017**

# പ്ലാസ്റ്റിക് മാലിന്യത്തിനെതിരേ 'മത്സ്യ ശ്മശാനം'

**കൊച്ചി:** പ്ലാസ്റ്റിക് മാലിന്യങ്ങൾ ജൈവവ്യവസ്ഥയെ സാരമായി ബാധിക്കുന്നതിനാൽ ഇതിനെതിരേ കലയിലൂടെ ബോധവത്കരണത്തിനൊരുങ്ങുകയാണ് സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സിഎംഎഫ്ആർഐ). സമുദ്രത്തിലും പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് ഗണ്യമായി വർധിച്ചിരിക്കുന്ന സാഹചര്യത്തിലാണ് 'മത്സ്യങ്ങളുടെ ശ്മശാനം' എന്ന പേരിൽ ഫോർട്ടുകൊച്ചി സൗത്ത് ബീച്ചിൽ ആർട്ട് ഇൻസ്റ്റലേഷൻ ഒരുക്കിയതെന്ന് സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞയും എഫ്ഇഎംഡി ഡിവിഷൻ മേധാവിയുമായ ഡോ. വി. കൃപ പത്രസമ്മേളനത്തിൽ അറിയിച്ചു. കൊച്ചിൻ ഷിപ്പ് യാർഡിന്റെ സഹകരണത്തോടെയാണ് കലാരൂപം നിർമിച്ചിരിക്കുന്നത്. ജനങ്ങൾക്ക് ബോധവത്കരണം നൽകുക എന്ന ഉദ്ദേശത്തോടെയാണ് മത്സ്യ ശ്മശാനം എന്ന കലാസൃഷ്ടി ഒരുക്കിയിരിക്കുന്നതെന്നും അവർ പറഞ്ഞു. ഇൻസ്റ്റലേഷൻ ഇന്നു വൈകുന്നേരം 6.30ന് കൊച്ചി മേയർ സൗമിനി ജെയിൻ ഉദ്ഘാടനം ചെയ്യും.



**സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഫോർട്ടുകൊച്ചി ബീച്ചിൽ ഒരുക്കിയിരിക്കുന്ന ആർട്ട് ഇൻസ്റ്റലേഷൻ.**